# Weekly Devotion -October 2018

# Cleaning Power of God’s Word

## (ശുദ്ധീകരണം - സത്യവചനത്താൽ)




മലിനവസ്ത്രം ഉപയോഗിക്കുന്നവർക്ക് വസ്ത്രം മലിനമാകാതെ സൂക്ഷിക്കേണ്ട ചുമതലയില്ല. വെള്ള വസ്ത്രം ധരിക്കുന്നവർ അവരുടെ വെള്ളവസ്ത്രം അഴുക്കുപറ്റാതെ വളരെ ശ്രദ്ധിച്ചെങ്കിലേ മതിയാകുകയുള്ളൂ. കാരണം വെള്ളവസ്ത്രത്തിൽ അഴുക്കും പൊടിയും പുരണ്ടാൽ വേഗം മനസ്സിലാകുന്നു.

ഒരിക്കൽ ഒരു കൂട്ടം ക്രിസ്തീയ വിശ്വാസികൾ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ആത്മീയ പവിത്രത സൂക്ഷിപ്പാൻ വിശ്വാസികൾ ലൗകീക വിനോദങ്ങളിൽ മുഴുകരുത് എന്ന് അവരിൽ ഒരാൾ അഭിപ്രായപ്പെട്ടു. ഒരിക്കലും ഒരു വിശ്വാസിയെ ലോക മലിനതകൾ ഹനിക്കുക ഇല്ലെന്നായിരുന്നു മറ്റൊരാളുടെ അഭിപ്രായം. ഈ അഭിപ്രായങ്ങൾ കേട്ട് അവരിൽ പ്രായമുള്ള ഒരാൾ തന്റെ ജീവിതത്തിലെ ഒരനുഭവം അവർക്ക് വിവരിച്ചുകൊടുത്തു. വെള്ള വസ്ത്രം ധരിച്ച അദ്ദേഹം ഒരിക്കൽ തന്റെ സുഹൃത്തിനോടൊപ്പം കൽക്കരി ഖനി കാണുവാനായി ചെന്നു. അവരെ കാട്ടിക്കൊടുക്കുവാൻ വന്ന Guide “സാർ ഈ വസ്ത്രം ഇവിടേക്ക് ചേർന്നതല്ല” എന്ന മുന്നറിയിപ്പ് നൽകി. എന്നാൽ അത് അവഗണിച്ച് ഞങ്ങൾ മുൻപോട്ടു

പോയി. എല്ലാം കണ്ട് ഖനിക്ക് പുറത്തിറങ്ങിയപ്പോഴാണ് ഖനിയിലെ കറുത്തപൊടികൾ കൊണ്ട് വെള്ള വസ്ത്രം മലിനമായത് മനസ്സിലായത്.

ക്രിസ്തീയ ജീവിതത്തെ ശുദ്ധവും ശുഭ്രവുമായ വസ്ത്രത്തോടെ ഉപമിച്ചിരിക്കുന്നു. ഈ ജീവിതമാകുന്ന വസ്ത്രത്തിന് മലിനത ഏല്ക്കാതെ ശുദ്ധിയുള്ളവരാകേണ്ടത് വിശ്വാസികളുടെ ഉത്തരവാദിത്തമാണ്. ഉത്തരവാദിത്തത്തെ അലസമായി ഉപയോഗിച്ചാൽ ലോകമാലിന്യങ്ങൾ നമ്മുടെ മീതെ കവിയും. ഇവിടെ തിരിച്ചറിയേണ്ടത് ശുദ്ധീകരണമുള്ളവരാകുവാൻ വേർപാട് സൂക്ഷിക്കുക എന്നതാണ്. അിറയാതെ അഴുക്കു പുരണ്ടാൽ പശ്ചാത്താപത്തിന്റെ കണ്ണീരാൽ കഴുകിക്കളയാം. പശ്ചാത്തപിച്ചില്ലെങ്കിൽ അല്പം അഴുക്ക് അനല്പമാകും എന്ന് ഓർക്കുക.

Sanctification (ശുദ്ധീകരണം) എന്നാലെന്ത് ? ആർക്കാണ് ഈ ശുദ്ധീകരണം വേണ്ടത് ?

Sanctification is the process by which sone / someyhing becomes Holy exclusively setaprat unto God for His Service.

ലൗകീകതയിൽ മുഴുകിയവർക്കാണ് ശുദ്ധീകരണം ആവശ്യം. എന്നാൽ ക്രിസ്തുവിന്റെ ഭാവത്തിലായവർക്ക്, അതിൽ നിലനിൽക്കുന്നവർക്ക്, ശുദ്ധീകരണം ആവശ്യമില്ല. യോഹ (15:3) ൽ "ഞാൻ നിങ്ങളോട് "സംസാരിച്ച വചനം" നിമിത്തം നിങ്ങൾ ഇപ്പോൾ ശുദ്ധിയുള്ളവരാകുന്നു എന്ന് കാണുന്നു. ഒരു വ്യക്തിയിൽ അഥവാ ഒരു കൂട്ടത്തിന് മാറ്റം വരുത്തുവാൻ കഴിയുന്നത് ദൈവവചനത്തിനാണ്. ഒരു രാത്രികൊണ്ട് ആർക്കും മാറ്റം വരുന്നില്ല. ക്രിസ്തു ശാന്തനായി നമ്മോട് വചനത്തിലൂടെ സംസാരിക്കുമ്പോഴാണ് നമ്മിൽ മാറ്റം ഉണ്ടാകുന്നത്. സങ്കീ: (119:9) ൽ ബാലന് നിർമ്മലനായി നടക്കുവാൻ കഴിയണമെങ്കിൽ വചനപ്രകാരം സൂക്ഷ്മതയോടെ നടന്നേ മതിയാകുകയുള്ളൂ എന്ന് കാണുന്നു.

ശുദ്ധീകരണം നടക്കുവാനുള്ള പ്രധാനഘടകം വചനം ശ്രദ്ധയോടെ കേൾക്കുക എന്നതാണ്. Read അപ്പോ : പ്ര:(17:1-4) ഈ ഭാഗത്ത് തെസ്സലൊനിക്യയിൽ എത്തിയ പൗലോസ് യേശു തന്നെ ക്രിസ്തു എന്നും യേശു മരിച്ചുയർത്തത് നമ്മുടെ പാപപരിഹാരത്തിനെന്നും കേട്ടപ്പോൾ ഒരു കൂട്ടർ വിശ്വസിച്ചു.

വചനംകേട്ടവർ അടുത്തതായി ചെയ്യേണ്ടത് ശ്രദ്ധയോടെ കേട്ടവചനം ഹൃദയത്തിൽ സൂക്ഷിക്കുക എന്നതാണ്. Read സങ്കീ:(119:11) പാപം ഹൃദയത്തിൽ നിന്നാണ് പുറപ്പെടുന്നത് പാപത്തിന്റെ ആഗ്രഹം നമ്മെ കീഴ്പ്പെടുത്തുക എന്നതാണ്. എന്നാൽ വചനം ഹൃദയത്തിൽ നിറയുമ്പോൾ പാപം പുറന്തള്ളപ്പെടുന്നു.

പ്രതികൂലസാഹചര്യത്തിൽ നിരാശ നമ്മെക്കൊണ്ട് പാപപ്രവർത്തികൾ ചെയ്യിക്കാതിരിപ്പാൻ: കേട്ട് ഹൃദയത്തിൽ സംഗ്രഹിച്ച വചനം അധരങ്ങൾകൊണ്ട് വർണ്ണിക്കുക. (സങ്കീ:119:13) ഇത് ശുദ്ധീകരണം പ്രാപിപ്പാനും പ്രാപ്യമാക്കിയ ശുദ്ധീകരണം നിലനിർത്തുവാനും നമ്മെ സഹായിക്കുന്നു. കൂടാതെ ഹൃദയത്തിൽ സൂക്ഷിച്ച വചനം ആനന്ദവും സമാധാനവും പ്രദാനം ചെയ്യുന്നു.

വചനത്താൽ ശുദ്ധീകരണം പ്രാപിച്ച വ്യക്തി ദൈവീക പ്രമാണങ്ങളെ ഹൃദിസ്ഥമാക്കിയതിനാൽ തന്റെ വഴിയെ സൂക്ഷിച്ച് മുൻപോട്ട് യാത്ര ചെയ്യുവാൻ കഴിയുന്നു. സന്തോഷത്തോടെ വചനം കൈക്കൊണ്ട ഒരു വ്യക്തി ദൈവവചനം ഒരിക്കലും മറക്കുകയുമില്ല. Read സങ്കീ :119:15,16) ഈ പരദേശവാസം ശുദ്ധീകരണത്തോടെ അവസാനത്തോളം ജീവിച്ച് നിത്യസന്തോഷ ലബ്ദി പ്രാപിപ്പാൻ തേനിലും മധുരമായ ദൈവവചനം നമ്മെ ശക്തരാകട്ടെ.

Santhamma Varghese

*Website: www.biblestudy.co.in*
*Email: biblestudy.co.in@gmail.com*
*Facebook: https://www.facebook.com/biblestudyind*